KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: info@ksacs.in

**18.08.2009**

# സന്നദ്ധ രക്തദാന മേഖലയിൽ കേരളത്തിൽ വൻപുരോഗതി

തിരുവനന്തപുരം: സന്നദ്ധ രക്തദാന രംഗത്ത് മേഖലയിൽ കേരളം മികച്ച നേട്ടം കൈവരിക്കുന്നു. സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന പ്രത്യേക കർമപരിപാടിയുടെ ഫലമായാണ് സംസ്ഥാനത്ത് സന്നദ്ധ രക്തദാന നിരക്കിൽ കുതിച്ചുചാട്ടമുണ്ടായത്.

കഴിഞ്ഞ വർഷം കേരളത്തിലെ രക്തബാങ്കുകളിലൂടെ ശേഖരിച്ച രക്തത്തിന്റെ 29 ശതമാനം മാത്രമായിരുന്നു സന്നദ്ധരക്തദാനത്തിലൂടെ ലഭിച്ചത്. എന്നാൽ പകരം രക്തം വാങ്ങിക്കൊണ്ട് രക്തം ശേഖരിക്കുന്ന രീതി മാരകരോഗങ്ങൾ പരത്തുന്നതുൾപ്പെടെയുള്ള അപകടങ്ങൾക്കു വഴി തെളിക്കാമെന്നുള്ളതു കൊണ്ട് സന്നദ്ധരക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് പ്രത്യേക കർമപദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണിപ്പോൾ. ഇതിനായി സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും സന്നദ്ധ രക്തദാന സമിതികൾ രൂപീകരിച്ചിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികൾ, യുവജനസംഘടനകൾ, സമുദായസംഘടനകൾ, കോളജുകൾ എന്നിവരെ പങ്കാളികളാക്കി രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ചു വരികയാണ്.

ഇതിന്റെ ഫലമായി ഈ വർഷം ആദ്യം മുതൽ സന്നദ്ധ രക്തദാനത്തിന്റെ നിരക്കിൽ ക്രമമായ പുരോഗതി കൈവരിച്ചു വരികയാണ്. കഴിഞ്ഞ വർഷം സെപ്റ്റംബറിൽ സംസ്ഥാനത്തെ സന്നദ്ധ രക്തദാനനിരക്ക് 22 ശതമാനം മാത്രമായിരുന്നു. ഈ വർഷം ജനുവരിയിൽ അത് 34 ശതമാനവും ഫെബ്രുവരിയിൽ 40 ശതമാനവുമായി. മാർച്ചിൽ 44 ശതമാനവും ഏപ്രിലിൽ 60 ശതമാനവും മേയിൽ 61 ശതമാനവുമായിരുന്നു.

നൂറു ശതമാനം സന്നദ്ധ രക്തദാനമെന്ന മുദ്രാവാക്യവുമായി ലോകരക്തദാതൃദിനം ആചരിക്കുന്നതിന്റെ ഭാഗമായി ജൂണിൽ കേരളത്തിൽ വ്യാപകമായി രക്തദാനക്യാമ്പുകൾ സംഘടിപ്പിച്ചിരുന്നു. ഇതിന്റെ ഫലമായി സന്നദ്ധ രക്തദാന നിരക്ക് ജൂണിൽ 75 ശതമാനമായി ഉയർന്നു. ജൂലൈയിൽ ഇത് 88 ശതമാനമായും ഉയർന്നു. നൂറു ശതമാനം സന്നദ്ധ രക്തദാനമെന്ന ലക്ഷ്യത്തിലേക്ക് കേരളം അതിവേഗം എത്തിച്ചേരുകയാണെന്നാണ് കണക്കുകൾ കാണിക്കുന്നത്.

സ്വാതന്ത്ര്യദിനാഘോഷ പരിപാടികളുടെ ഭാഗമായി ഈ മാസം 10 മുതൽ സംസ്ഥാനത്തു പല കേന്ദ്രങ്ങളിലായി ഇതിനകം 37 രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിവിധ ക്ലബ്ബുകൾ, മതസംഘടനകൾ, സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡ്, ടെക്നോപാർക്ക് കമ്പനികൾ തുടങ്ങി വിവിധ സന്നദ്ധസംഘടനകളെ പങ്കെടുപ്പിച്ചു കൊണ്ടാണ് ഈ ക്യാമ്പുകൾ നടത്തിയത്. 37 ക്യാമ്പുകളിലൂടെ മൊത്തം 1075 പേരാണ് ഇതിനകം രക്തം ദാനം ചെയ്തത്.

വിവിധ സന്നദ്ധ സംഘടകളെ പങ്കെടുപ്പിച്ചു കൊണ്ട് രക്തദാനക്യാമ്പുകൾ തുടർച്ചയായി നടത്തിക്കൊണ്ട് കേരളത്തിൽ രക്തദാതാക്കളുടെ ഒരു നിര വളർത്തിയെടുക്കാനാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ശ്രമിക്കുന്നത്. ഇതുവഴി ആവശ്യക്കാർക്ക് എപ്പോൾ വേണമെങ്കിലും ആവശ്യമായ അളവിൽ രക്തം ലഭ്യമാക്കാൻ സാധിക്കുമെന്നും കണക്കുകൂട്ടുന്നു.

*ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**